*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രൊഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രൊഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 38D

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**നവംബർ 18, 2022**

## നഷ്ടമായ മോതിരം

ഓം ശ്രീ സായിരാം.

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകളിലേക്ക് സ്വാഗതം!

സ്വാമി പറയുന്നു, “ഞാൻ സകലരുടെയും ഹൃദയങ്ങളിൽ വസിക്കുന്നു, പക്ഷേ ചിലർ




അത് തിരിച്ചറിയുന്നില്ല!” സ്വാമി ഇതിന് കാരണവും വ്യക്തമാക്കുന്നു. അവിടുന്ന് അരുളുന്നു, “ഈശ്വരന്റെ പ്രതിബിംബം നിങ്ങളുടെ ഹൃദയത്തിലുണ്ട്. നിങ്ങൾക്കത് കാണാനാവുന്നില്ലെങ്കിൽ, നിങ്ങളുടെ ഹൃദയം കാമനകളുടെയും അച്ചടക്കമില്ലായ്മയുടെയും പൊടി കൊണ്ട് മൂടിയിരിക്കുക യാണെന്ന് മനസ്സിലാക്കുക. അതിനെ ജ്ഞാനത്തിലൂടെ, സേവനത്തിലൂടെ, ഭക്തിയിലൂടെ തുടച്ചുനീക്കുക, നിങ്ങൾക്ക് നിങ്ങളുടെ ദിവ്യത്വം തിരിച്ചറിയാനാവും!”

ഇത് ഡോ.ആർ.എസ്.പത്മനാഭന്റെ ജീവിതത്തിലെ ഒരു സംഭവമാണ്. 1973-ൽ, അദ്ദേഹത്തിന്റെ മകന്റെ അഡ്മിഷൻ

സംബന്ധമായി അമേരിക്കയിലേക്ക് യാത്ര ചെയ്യുന്നതിന് സ്വാമി അദ്ദേഹത്തോട് ആവശ്യ പ്പെടുകയുണ്ടായി. അവിടുത്തെ ആശീർവാദത്തിനായി ഡോക്ടർ പുട്ടപർത്തിയിൽ എത്തി ച്ചേർന്നപ്പോൾ, ബാബ അദ്ദേഹത്തിനു വേണ്ടി ഒരു മോതിരം സൃഷ്ടിച്ചു. ആ സമയത്ത്, കേണൽ ജോഗ റാവുവും അവിടെ സന്നിഹിതനായിരുന്നു, അദ്ദേഹം സ്വാമിയോട് ആരാ ഞ്ഞു, ‘‘സ്വാമീ, ഒരുവന് ഈ മോതിരത്തിൽ അവിടുത്തെ പ്രതിബിംബം കാണാനാ വുമോ?’’



ബാബ മറുപടി നൽകി, ‘‘എന്റെ രൂപം ഇതിലുണ്ടാവാം, ഇല്ലാതിരിക്കാം! പക്ഷേ, ഞാൻ അവന്റെ ഹൃദയത്തിലുണ്ടാവും, അവനെ സംരക്ഷിക്കു കയും ചെയ്യും!’’ ഇപ്രകാരം അരുളിയിട്ട് സ്വാമി ആ മോതിരത്തിന്മേൽ മൂന്നുവട്ടം ഊതി, അവിടുത്തെ രൂപം അതിൽ പ്രത്യക്ഷമായി.

ഭഗവാന്റെ അനുഗ്രഹത്തോടെ, ഡോ.പത്മനാഭൻ പോയി. ആദ്യം അദ്ദേഹം ബേണിലാണ് എത്തിച്ചേർന്നത്, അവിടെ ഒരു ദന്താശുപത്രി സന്ദർശിച്ചു അദ്ദേഹം. അദ്ദേ ഹത്തിന് ഡസ്സൽഡോർഫിലേക്ക് പോയി അവിടെനിന്നുള്ള വിമാനം കയറണമായിരുന്നു. അദ്ദേഹം ബേൺ എയർപോർട്ടിൽ എത്തിയപ്പോൾ, ഡസ്സൽഡോർഫിലേക്കുള്ള വിമാനം ക്യാൻസൽ ചെയ്യപ്പെട്ടു എന്ന് അറിഞ്ഞു; ഡസ്സൽഡോർഫ് റദ്ദാക്കപ്പെട്ടിരിക്കുന്നു! എന്തു ചെയ്യണമെന്ന് അദ്ദേഹത്തിന് അറിയില്ലായിരുന്നു, എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന് ഡസ്സൽഡോർഫിൽ നിന്ന് ആംസ്റ്റർഡാമിലേക്ക് എത്തണമായിരുന്നു! അദ്ദേഹത്തിന്റെ പ്രായം ചെന്ന, സായിഭക്തരായ രണ്ടു സുഹൃത്തുക്കൾ അദ്ദേഹത്തെ ആംസ്റ്റർഡാമിൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു.

ആ നിമിഷം, എയർപോർട്ട് ഓഫീസർ അദ്ദേഹത്തിന്റെ അടുത്ത് വന്നിട്ട് പറഞ്ഞു, ‘‘ഡസ്സൽഡോർഫ് ഏതാണ്ട് 100 കിലോ മീറ്റർ അകലെയാണ്. താങ്കൾ ഒരു ടാക്സിയെ ടുക്കുകയാണെങ്കിൽ, താങ്കൾക്കവിടെ സമയത്ത് എത്താം, അവിടെനിന്നുള്ള ഫ്ളൈറ്റും പിടിക്കാം!’’ ഇപ്രകാരം പറഞ്ഞിട്ട്, ആ ഓഫീസർ തന്നെ ഒരു ടാക്സി വിളിച്ചു, ഡോ.പത്മ നാഭൻ അതിൽ ഡസ്സൽഡോർഫിലേക്ക് യാത്ര ചെയ്തു. അദ്ദേഹം എയർപോർട്ടിൽ എത്തി ക്യാബിൽനിന്ന് ഇറങ്ങിയപ്പോൾ, ഒരു വെള്ള യൂണിഫോം ധരിച്ച ഒരു പോർട്ടർ അദ്ദേഹത്തിന്റെ സമീപം ചെന്നിട്ട് ലഗ്ഗേജ് പൊക്കി എടുത്തു. അയാളത് വഴി മുഴുവനും എടുത്തു. തന്റെ സീറ്റിലിരുന്നിട്ട്, ഡോക്ടർ പോർട്ടർക്ക് കൂലി കൊടുക്കാനായി അയാളെ നോക്കി, പക്ഷേ അയാൾ അപ്പോഴേക്കും പോയിരുന്നു!

മുന്നോട്ടുള്ള യാത്ര സുഗമമായിരുന്നു; മകന്റെ അഡ്മിഷന്റെ ദൗത്യം പൂർത്തിയാക്കിയ ശേഷം, അദ്ദേഹം ഇന്ത്യയിലേക്ക് മടങ്ങി. തിരിച്ചെത്തിയിട്ട്, അദ്ദേഹം സ്വാമിയുടെ ദർശനം തേടി ബൃന്ദാവൻ ആശ്രമത്തിലേക്ക് പോയി.

ഭഗവാൻ അദ്ദേഹത്തിന്റെ യാത്രയെക്കുറിച്ച് തിരക്കി. ഡോക്ടർ പറഞ്ഞു, "അത് നന്നായിരുന്നു!"

സ്വാമി കമന്റ് ചെയ്തു, "ഡസ്സൽഡോർഫിലെ ആ സംഭവം ഒഴികെ! എനിക്ക് നിന്റെ ലഗ്ഗേജ് ടാക്സിയിൽനിന്ന് വിമാനത്തിൽവരെ ചുമക്കേണ്ടിവന്നു, നീ എനിക്ക് നന്ദി പോലും പറഞ്ഞില്ല!"

അപ്പോളാണ് ഡോ.പത്മനാഭൻ സ്വാമിയുടെ വാക്കുകൾ ഓർമ്മിച്ചത്, "ഞാൻ അവന്റെ ഹൃദയത്തിലുണ്ടാവും, അവനെ സംരക്ഷിക്കും!" അതെ!

'സർവ ഹൃദയ വാസിനേ നമ:'-അവിടുന്ന് ഓരോരുത്തരുടെയും ഹൃദയത്തിൽ വസിക്കുന്നു! ഓരോരുത്തരുടെയും! ഇതെത്ര ദിവ്യാത്ഭുതമാണ്! ഇതെന്തൊരു അനുഗ്രഹമാണ്!



ഭഗവത്ഗീതയിലെ 5-ാം അദ്ധ്യായം 12-ാം ശ്ലോകത്തിൽ, പ്രഭു പ്രഖ്യാപിക്കുന്നു, "സമചിത്തനായ യോഗി കർമ്മഫലം ഉപേക്ഷിച്ച് പരമശാന്തി നേടുന്നു! സമചിത്തതയില്ലാത്തവൻ, അയുക്തൻ, കാമനകളുടെ പ്രേരണ നിമിത്തം ഫലത്തിൽ ആസക്തനായി ബന്ധിക്കപ്പെടുകയും ചെയ്യുന്നു."

ഈ ശ്ലോകത്തിന്റെ ആന്തരാർത്ഥം എന്തെന്നാൽ, ഒരു കർമ്മയോഗി കർമ്മഫലം ഈശ്വരന് സമർപ്പിക്കുകയും നിത്യശാന്തി നേടുകയും ചെയ്യുന്നു. യോഗം ഇല്ലാത്തവന്, സമചിത്തനല്ലാത്തവന്, അവസാനമില്ലാത്ത കാമനകൾ ഉണ്ട്, ഫലാസക്തി മൂലം അവൻ ബദ്ധനാവുന്നു. എങ്ങനെയായാലും, ഭക്തൻ കർമ്മഫലം ഭഗവാന് സമർപ്പിച്ച് എന്തൊക്കെ പുണ്യം നേടുന്നുവോ, സർവേശ്വരൻ ആ ഭക്തന് ഫലം സമ്മാനിക്കുന്നു.

സ്വാമി അമൃതാനന്ദ, ഭഗവാൻ ബാബയെ ആദ്യമായി കണ്ടപ്പോൾ അദ്ദേഹത്തിന് 85 വയസ്സായിരുന്നു പ്രായം. അദ്ദേഹത്തെ കണ്ടയുടനെ, ഭഗവാൻ വിളിച്ചു, "വരൂ അമൃതം!"

സ്വാമി അമൃതാനന്ദയുടെ ഗുരു, ശ്രീ രമണമഹർഷി മാത്രമാണ് അത്ര സ്നേഹപൂർണമായ രീതിയിൽ അദ്ദേഹത്തെ വിളിക്കാറുണ്ടായിരുന്നത്. ഭഗവാൻ അമൃതാനന്ദയെ അനുഗ്ര



ഹിച്ചു എന്നുതന്നെയല്ല, 7 വയസ്സ് പ്രായമുള്ളപ്പോൾ ഗണേശ യാഗത്തിൽ പങ്കുകൊണ്ടതിനെക്കുറിച്ച് ചോദിക്കുകയുമുണ്ടായി. ഇതു കേട്ടപ്പോൾ, അമൃതാനന്ദ പറഞ്ഞു, "ഞാനന്ന് കേവലം 7 വയസ്സ് മാത്രമുള്ള ബാലനായിരുന്നു! അതിന് എനിക്കെങ്ങനെ ഫലം കിട്ടാനാണ്?"

അപ്പോൾ, ഭഗവാൻ അദ്ദേഹത്തെ അവിടുത്തെ ഉള്ളിൽത്തന്നെയുള്ള ശ്രീ ഗണേശന്റെ തോജോമയമായ ദർശനത്താൽ അനുഗ്ര




ഹിച്ച്, ആർജ്ജിച്ച പുണ്യത്തിന് അമൃതാനന്ദയ്ക്ക് ഫലമേകി. തെറ്റായ യോഗപരിശീലനം കൊണ്ട് അദ്ദേഹത്തിന് പിടിപെട്ടിരുന്ന ആസ്തമ സുഖപ്പെടുത്തുകയും ചെയ്തു.

അറ്റൊരു ദൃഷ്ടാന്തം ശ്രീ പാണ്ഡരംഗ ദീക്ഷിതിന്റേതാണ്, അമ്മയുടെ വയറ്റിൽ കിടക്കുമ്പോഴേ ഷിർദ്ദി സായി നാഥ് അദ്ദേഹത്തിന്മേൽ അനുഗ്രഹം വർഷിച്ചിരുന്നു. പിന്നീട്, സായിനാഥ് ശ്രീ സത്യസായിയായി പുനരവതരിച്ചി



ട്ടുണ്ടെന്ന് ദീക്ഷിത് കേൾക്കാനിടയായപ്പോൾ, അദ്ദേഹം കുടുംബവുമൊത്ത് സ്വാമിയുടെ ദർശനത്തിനായി പോയി. തന്റെ ശ്രവണമധുരമായ ശബ്ദത്താൽ അദ്ദേഹം സ്വാമിയുടെ കൃപ നേടി. സ്വാമി അദ്ദേഹത്തോട് എവിടൊക്കെ പോകാനാവശ്യപ്പെട്ടോ, അവിടൊക്കെ അദ്ദേഹം സഞ്ചരിച്ച് സായിയുടെ മഹിമ പ്രചരിപ്പിച്ചു! അദ്ദേഹം മഹാരാഷ്ട്ര മുഴുവനും സഞ്ചരിച്ച്, സുന്ദര ശ്രുതിമധുരമായ സായിഭജനുകൾ ആലപിച്ച്, നാമസങ്കീർത്തനത്തിലൂടെ ആളുകളെ വശീകരിച്ചു.

എന്തൊക്കെ പുണ്യമാണോ അദ്ദേഹം ആർജ്ജിച്ചത്, സ്വാമി അദ്ദേഹത്തിന് ഫലവും സമ്മാനിക്കുകയുണ്ടായി. ദീക്ഷിത്കുടുംബത്തെ എന്തു ദുരന്തം പ്രഹരിക്കുമ്പോഴും, സ്വാമി അവിടുത്തെ കൃപ ചൊരിഞ്ഞ് അദ്ദേഹത്തെ സംരക്ഷിച്ചു, അവരുടെ ജീവിതം ആനന്ദമയവും ശാന്തവുമാക്കി. അതാണ് പാണ്ഡരംഗ ദീക്ഷിതിൽ വർഷിക്കപ്പെട്ട സ്വാമി സ്വാമിയുടെ കൃപ!

ഇനി മറ്റൊരു സുന്ദരമായ അത്ഭുതകൃത്യം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാം. മറാത്തിയിലൊരു കവിതയുണ്ട്, "ഈ ലോകത്ത് അനാഥനായ ഒരുവന് അവനൊപ്പം ഈശ്വരനുണ്ട്! താങ്ങില്ലാത്ത ആകാശത്തിനുപോലും, അവിടുന്ന് ആ ഭാരം വഹിക്കുന്നു!" ഈ വരികളിലൂടെ പ്രകടിതമാവുന്ന ഭാവം തികച്ചും സത്യമാണ്, എന്തുകൊണ്ടെന്നാൽ ഈശ്വരനാണ് എല്ലാവരുടെയും ആശ്രയം. അവിടുന്നിൽ അഭയം തേടുന്ന സകലരെയും അവിടുന്ന് പിന്തുണയ്ക്കുന്നു.

ഏറ്റവും പ്രകാശമാനമായ ഉദാഹരണം, ഗോകുലനിവാസികളെ രക്ഷിക്കാനായി ഗോവർദ്ധനം ഉയർത്തിയ ഭഗവാൻ ശ്രീകൃഷ്ണന്റേതാണ്. ഇന്ദ്രദേവന്റെ കോപം



പേമാരിക്കിടയാക്കി. ഗോകുലത്തിലെ ഇടയന്മാർ സ്വയരക്ഷയ്ക്കായും തങ്ങളുടെ കാലികളുടെ രക്ഷയ്ക്കായും സഹായത്തിനായി ശ്രീകൃഷ്ണന്റെ അരികിൽ ചെന്നപ്പോൾ, അവിടുന്ന് സ്വന്തം ചെറുവിരലിൽ ഗോവർദ്ധനപർവതം ഉയർത്തി അവരെ എല്ലാവരെയും രക്ഷിക്കുകയുണ്ടായി. വാസ്തവത്തിൽ, ആ കീർത്തികേട്ട പ്രവൃത്തിയുടെ പേരിൽ എന്തെങ്കിലും യശസ്സാർജ്ജിക്കുന്നതിന് അവിടുന്ന് ആഗ്രഹിച്ചതേയില്ല! അതുകൊണ്ട് അവരെല്ലാവരും തങ്ങളുടെ വടിയാൽ ആ പർവതത്തെ താങ്ങുന്നതിന് അവിടുന്ന് ആവശ്യപ്പെടുകയുണ്ടായി. അപ്പോൾ, ഈശ്വരൻ അവിടുത്തെ ഭക്തരെ സംരക്ഷിക്കുമ്പോൾ, അവിടുന്നതിന് ക്രഡിറ്റ് എടുക്കുകയില്ല!

ശ്രീ സത്യസായിയുടെ പിന്തുണയാൽ സുഖമായി അവരുടെ ജീവിതം നയിക്കുന്ന നിരവധി ഭക്തർ ലോകമെമ്പാടുമുണ്ട്. ഇത് ചിത്രീകരിക്കുന്ന ഒരു സംഭവം പറയാം. 1966-ൽ രണ്ട് കുട്ടികളുള്ള ഒരു ദമ്പതികൾ ബോംബെയിൽ താമസിച്ചിരുന്നു. അവർക്ക് ജീവിതം കഷ്ടപ്പാടുകൾകൊണ്ട് അസഹ്യമായിരുന്നു. ഭാര്യ ഈശ്വരഭക്തിയുള്ള ഒരു കുടുംബത്തി

ലാണ് ജനിച്ചത്, പക്ഷേ വിവാഹശേഷം കാര്യങ്ങൾ വേറൊരു ദിശയിൽ തിരിഞ്ഞു. അവൾക്ക് വളരെ പ്രയാസകരമായ ഒരു ജീവിതത്തെ അഭിമുഖീകരിക്കേണ്ടി വന്നു.

അവളുടെ ഭർത്താവ് ആവശ്യത്തിന് ധനം സമ്പാദിച്ചെന്നാലും, പൈസ മുഴുവനും കുട്ടികളുടെ കാര്യങ്ങൾക്കായി ചെലവാകുമായിരുന്നു. സമ്പാദ്യമൊന്നും ഉണ്ടായിരുന്നില്ല. കഷ്ടതയ്ക്ക് ആക്കം കൂട്ടാനായി എന്നവണ്ണം, ഭർത്താവിന് അദ്ദേഹത്തിന്റെ കഴുത്തിൽ ഒരു മുഴയും ഉണ്ടായി. പെട്ടെന്ന് അത് വലുതായി, ഒരു വീക്കമായി മാറി. അവരൊരു ഡോക്ടറെ കാണിച്ചപ്പോൾ, അതൊരു ക്യാൻസറാണോയെന്ന് അദ്ദേഹം സംശയിച്ചു. ആ സ്ത്രീയോട്, അത് വൃത്തിയാക്കിയിട്ട് സ്പിരിറ്റ് വയ്ക്കാനായി അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. അതു ചെയ്യവേ, ആ വീക്കം പൊട്ടിയിട്ട്, ഒലിക്കാൻ തുടങ്ങി. ഏറ്റവും നല്ല പരിഹാരം എന്നു ചിന്തിച്ച്, മുറിവിൽ അവൾ ഷിർദ്ദി സായി ഉദി പുരട്ടി.

ആധി കാരണം, ഭർത്താവിന്റെ ആരോഗ്യം കൂടുതൽ വഷളായി, അദ്ദേഹത്തിനൊരു ഹാർട്ട് അറ്റാക്കും വന്നു. ഇതിനിടയ്ക്ക്, ഷിർദ്ദി സായി ശ്രീ സത്യസായി ആയി പുനരവതരിച്ച് ആന്ധ്രാപ്രദേശിലെ പുട്ടപർത്തിയിൽ വസിക്കുന്നു എന്ന് ആരോ അവരോടു പറയുകയുണ്ടായി. അവിടെവരെ പോകാനായി ഭാര്യ ഭർത്താവിനെ നിർബന്ധിക്കുകയുണ്ടായി. അയാൾ സമ്മതിച്ചു, ദമ്പതികൾ പുട്ടപർത്തിക്ക് തിരിച്ചു. അവർ പുട്ടപർത്തിയിൽ എത്തിച്ചേർന്നതിന് പിറ്റേദിവസം, സ്വാമി അവരെ ഒരു ഇന്റർവ്യൂവിന് വിളിച്ചു. ഇന്റർവ്യൂ വേളയിൽ, ബാബ ആ മാന്യനോട് അദ്ദേഹത്തിന്റെ ഷർട്ടും ബനിയനും മാറ്റാൻ ആവശ്യപ്പെട്ടു. എന്നിട്ട് സ്വാമി വിഭൂതി സൃഷ്ടിച്ചു. ഒരു കൈ കൊണ്ട് അവിടുന്ന് ആ മനുഷ്യന്റെ മാറത്ത് അത് തടവി, മറ്റേ കൈയാൽ അത് ആ വീക്കത്തിലും പുരട്ടി തടവി.

സ്വാമി ചിരിച്ചുകൊണ്ട് ആരാഞ്ഞു, “നിനക്ക് ക്യാൻസറാണെന്നും ഹാർട്ട് അറ്റാക്കാണെന്നുമൊക്കെ ആരാണ് പറഞ്ഞത്? നിനക്ക് പൂർണമായും സൗഖ്യമായി!” അവരിത് കേട്ട നിമിഷം, ആ ദമ്പതികൾ പൊട്ടിക്കരഞ്ഞു. മുംബെയിൽ എത്തിയിട്ട്, അവർ ഡോക്ടറെ പോയിക്കണ്ടു. രോഗി ഇത്ര നാടകീയമായി സുഖം പ്രാപിച്ചതിൽ അദ്ദേഹത്തിന് വലിയ അതിശയമായി. അതിനുശേഷം ആ ദമ്പതിമാർ ചുരുങ്ങിയത് വർഷത്തിൽ ഒരു തവണയെങ്കിലും പുട്ടപർത്തി സന്ദർശിക്കുമായിരുന്നു. പക്ഷേ അവരുടെ സാമ്പത്തിക സ്ഥിതി അപ്പോഴും സുസ്ഥിരമായിരുന്നില്ല.

ഒരു വർഷം, പുട്ടപർത്തിക്ക് യാത്ര ചെയ്യാൻ വേണ്ട പൈസ അവരുടെ പക്കൽ ഉണ്ടായിരുന്നില്ല. അവരൊരു ആശയം ചിന്തിച്ചു. അവർ രണ്ടു കൊല്ലമായി കൂട്ടിവച്ചിരുന്ന പഴയ പത്രക്കടലാസ് വിറ്റ്, രണ്ട് റിട്ടേൺ ടിക്കറ്റുകൾ എടുക്കുന്നതിനുള്ള കാശൊപ്പിച്ചു. അവർ സ്വാമിയുടെ ദർശനത്തിനായി തിരിച്ചു. ഇത്തവണയും സ്വാമി അവർക്ക് ഇന്റർവ്യൂ നൽകി അനുഗ്രഹിച്ചു. അവിടുന്ന് നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കവെ, സ്വാമി പെട്ടെന്ന് അവി

ടുത്തെ വലതുകൈ ഉയർത്തിയിട്ട്, ഒരു നിമിഷം അത് വലിച്ചു പിടിച്ചു, പിന്നെ മുഷ്ടി ചുരുട്ടി. അവിടുന്ന് കൈവെള്ള തുറന്നപ്പോൾ, അതിനുള്ളിൽ ഒരു ഫോട്ടോഗ്രാഫ് ഉണ്ടായിരുന്നു.

സ്വാമി അത് ഭർത്താവിന് നൽകിയിട്ട് പറഞ്ഞു, ‘‘ഈ ഫോട്ടോ എല്ലായ്പോഴും നിന്റെ പോക്കറ്റിൽ കൊണ്ടുനടക്കുക. ഒരിക്കലും ഇത് നിന്റെ ശരീരത്തിൽനിന്ന് വേർപെടുത്താതിരിക്കുക!’’

എന്നിട്ട് അവിടുന്ന് ഭാര്യയുടെ നേർക്ക് തിരിഞ്ഞിട്ട് പറഞ്ഞു, ‘‘ നല്ല ഭക്തിയുള്ള കുടുംബമാണ് നിന്റേത്. എന്നാലും നിനക്ക് വളരെ വിനയവും നല്ല ക്ഷമാശീലവുമുള്ള പ്രകൃതമാണ്! ഞാൻ നിന്നിൽ വളരെ സമ്പ്രീതനാണ്! അഖണ്ഡ സൗഭാഗ്യത്താൽ ഞാൻ നിന്നെ അനുഗ്രഹിക്കുന്നു!’’

ഒരു വിവാഹിതയായ ഹിന്ദു സ്ത്രീയെ സംബന്ധിച്ചിടത്തോളം, ഇത് ഏറ്റവും വലിയ ഒരു വരമാണ്. ഇതിനർത്ഥം അവളുടെ ഭർത്താവിന് ദീർഘായുസ്സ് ഉണ്ടാവും എന്നാണ്. സ്വാമിയുടെ കൃപയും അനുഗ്രഹവും നേടിയിട്ട്, ആ ദമ്പതിമാർ മുംബെയിലേക്ക് തിരിച്ചുപോയി അവരുടെ പതിവു ജീവിതം തുടർന്നു.

സ്വാമിയുടെ നിർദ്ദേശപ്രകാരം, അവിടുത്തെ ഫോട്ടോ ഭർത്താവ് സദാ സമയവും തന്റെ പോക്കറ്റിൽത്തന്നെ കൊണ്ടുനടക്കാൻ തുടങ്ങി. ഒരു ദിവസം, ആ മാന്യന് വളരെ ഗുരുതരമായ ഒരു അപകടമുണ്ടായി. അദ്ദേഹത്തിന്റെ തലയ്ക്ക് പരിക്കേറ്റിട്ട് രക്തം വാർന്നു പോവാൻ തുടങ്ങി. ആരോ അദ്ദേഹത്തെ ഒരു ആസ്പത്രിയിലെത്തിച്ചു. ഭാഗ്യവശാൽ, മുറിവ് തുന്നിച്ചേർത്താൽ മതിയായിരുന്നു. വീട്ടിൽ വിവരം അറിയിച്ചു. ഓരോരുത്തരും ഷോക്കിലായി! പക്ഷേ, ഭാര്യ വളരെ ശാന്തയും സ്ഥൈര്യമുള്ളവളും ആയിരുന്നു. സമാധാനത്തോടെ അവൾ സ്വാമിയുടെ വിഭൂതി ഭർത്താവിന്റെ നെറുകയിൽ പുരട്ടി. മാനസികമായി അവൾ അവിടുത്തെ അനുഗ്രഹത്തെ ആശ്രയിച്ചിരുന്നു. അഖണ്ഡ സൗഭാഗ്യം!

ഭർത്താവിന്റെ ആരോഗ്യസ്ഥിതി കുറച്ച് മെച്ചപ്പെട്ടപ്പോൾ, അവർ സ്വാമിയുടെ ദർശനത്തിനായി പോയി. പക്ഷേ ഭർത്താവിന് ഒരുതരം കുറ്റബോധമായിരുന്നു. അവർ പുട്ടപർത്തിയിലെത്തിയപ്പോൾ, സ്വാമി അവരെ പെട്ടെന്ന് അകത്തേക്ക് വിളിച്ച് അവരുടെ ക്ഷേമം അന്വേഷിച്ചു. എന്നാൽ ആ മാന്യന് സ്വാമിയെ അഭിമുഖീകരിക്കാനായില്ല. അദ്ദേഹം തല താഴ്ത്തി നിന്നു.

സ്വാമി അദ്ദേഹത്തിന്റെ താടി പിടിച്ച് തല ഉയർത്തിയിട്ട് ചോദിച്ചു, ‘‘ഫോട്ടോ നഷ്ടപ്പെട്ടതിനാണോ നീ ഭയക്കുന്നത്? നിനക്ക് അപകടം ഉണ്ടായപ്പോഴല്ലേ ഫോട്ടോ നഷ്ടപ്പെട്ടത്?

നീ അതല്ലേ ചിന്തിക്കുന്നത്? ഞാനത് നിന്റെ രക്ഷയ്ക്കായാണ് തന്നത്. അത് നഷ്ടമായിട്ടില്ല. നിന്നെ രക്ഷപ്പെടുത്തിയ ശേഷം അത് എന്റെയടുത്തേക്ക് തിരികെവന്നിട്ടുണ്ട്!"

സ്വാമി അവിടുത്തെ മുഷ്ടി തുറന്നു, അവിടുത്തെ കൈവെള്ളയിൽ അതേ ഫോട്ടോ ഉണ്ടായിരുന്നു.

അതാണ് ഭഗവാൻ!

വീണ്ടും കാണാം! സായി രാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)